**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3092 23/03/2015-ൽ മറുപടിയ്ക്ക്

## പഞ്ചായത്തുകളിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.പി.കെ.ബഷീർ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |

എ) സംസ്ഥാനത്ത് വിഷമയമായ പച്ചക്കറി, മായം ചേർത്ത ഭക്ഷ്യ വസ്തുക്കൾ മറ്റും ഉപയോഗിക്കുന്നതുമൂലം കാൻസർ, കിഡ്നി രോഗങ്ങൾ, മറ്റ് രോഗങ്ങൾ വർദ്ധിച്ച് വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ബി) എങ്കിൽ ആവശ്യമായ പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിന് പഞ്ചായത്തുകൾ തോറും ഓരോ വാർഡിലും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

ബി) ഉണ്ട്.

പഞ്ചായത്തുകളിൽ ജൈവ രീതിയിലുള്ള കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജൈവ കൃഷിയ്ക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ട് 2012-13 മുതൽ സമഗ്ര പച്ചക്കറി വികസന പദ്ധതി കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. ജൈവ രീതിയിലുള്ള കൃഷിയ്ക്ക് മുൻഗണന നല്കി ജൈവികമായി കീടരോഗനിയന്ത്രണ മാർഗ്ഗങ്ങൾ ഉപയോഗിച്ച് പരമാവധി വിഷവിമുക്തമായ പച്ചക്കറി ഉല്പാദിപ്പിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം. 2014-15-ൽ ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ഘടകങ്ങൾ നടപ്പിലാക്കി വരുന്നു.

| ക്രമ നം. | പച്ചക്കറി വികസന പദ്ധതി - ഘടകങ്ങൾ | തുക (ലക്ഷത്തിൽ) |
|---|---|---|
| 1. | **പുരയിടങ്ങളിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക** - 20 രൂപ വിലയുള്ള 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 5 ലക്ഷം കിറ്റുകൾ വീട്ടമ്മമാർ മുഖേനയും, പുരയിട കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സൗജന്യമായി നല്കിയിട്ടുണ്ട്. കൂടാതെ 181.82 ലക്ഷം പച്ചക്കറി തൈകളും കൃഷിയ്ക്കായി വിതരണം ചെയ്യുന്നു. | 500 |
| 2. | **അർബൻ ക്ലസ്റ്റർ പ്രോത്സാഹനം** 2000/- രൂപ വിലയുള്ള 34784 ഗ്രോബാഗ് യൂണിറ്റുകൾ 75% സബ്സിഡി നിരക്കിൽ മട്ടുപ്പാവ് കൃഷിയ്ക്കായി വിതരണം ചെയ്യും. | 525 |
| 3. | **വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചു കൊണ്ട് സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി**<br><br>(എ) തെരഞ്ഞെടുത്ത 2500 വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി 4000/- രൂപ സഹായധനം(100 ലക്ഷം).<br>(ബി) വിദ്യാലയങ്ങളിൽ 400 ജലസേചന യൂണിറ്റുകൾ(40 ലക്ഷം).<br>(സി) 2500 വിദ്യാലയങ്ങളിൽ ക്ലബ്ബുകളുടെ പ്രവർത്തനം(25 ലക്ഷം).<br>(ഡി) പ്രോജക്ടിസ്ഥാനത്തിൽ സർക്കാർ/സർക്കാരിതര സ്ഥാപനങ്ങളിൽ പച്ചക്കറി കൃഷി (135 ലക്ഷം). | 300 |
| 4. | **ജില്ലാ ക്ലസ്റ്റർ വികസനം.**<br>(എ) തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 800 കാര്യക്ഷമമായ ക്ലസ്റ്ററുകളുടെ വികസനം (ക്ലസ്റ്ററിന് 75,000/- രൂപ നിരക്കിൽ ആകെ 600 | 1780 |

| | | |
|---|---|---|
| | ലക്ഷം)<br>(ബി) സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ (ഹെക്ടറിന് 15,000/ രൂപ നിരക്കിൽ) വികസന സഹായം (435 ലക്ഷം).<br>(സി) പമ്പ് സെറ്റുകൾ 1720 പമ്പ് സെറ്റുകൾക്ക് 10,000 രൂപ നിരക്കിൽ സഹായധനം.<br>(ഡി) സസ്യ സംരക്ഷണ ഉപാധികൾ 1000 യൂണിറ്റിന് 1500 രൂപ നിരക്കിൽ സഹായധനം.<br>(ഇ) ഇന്നവേഷൻ ഫണ്ട് - ക്ലസ്റ്ററുകളിലെ നൂതനവും ജൈവവുമായ പ്രവർത്തനങ്ങൾക്കായി ഓരോ ജില്ലയ്ക്കും 3 ലക്ഷം രൂപ.<br>(എഫ്) തരിശു നില കൃഷി ഹെക്ടറിന് 30,000/ രൂപ നിരക്കിൽ 500 ഹെക്ടറിന് ധനസഹായം.<br>(ജി) പ്രസിദ്ധീകരണങ്ങൾ / മാധ്യമങ്ങൾ വഴി 20 രൂപ വിലയുള്ള 5 ലക്ഷം വിത്തു പായ്ക്കറ്റുകളുടെ വിതരണം. | |
| 5. | **'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള വികസന സഹായം**<br>(എ). നടപ്പു വർഷത്തിലെ 100 പ്രവർത്തന ക്ഷമമായ ക്ലസ്റ്ററുകൾക്ക് ഗ്രേഡിംഗിന്റെ അടിസ്ഥാനത്തിൽ 6.3 ലക്ഷം രൂപ നിരക്കിൽ ധനസഹായം.<br>(ബി) 2013-14-ൽ ഗ്രേഡ് ചെയ്യപ്പെട്ട ക്ലസ്റ്ററുകൾക്ക് 2 ലക്ഷം രൂപ നിരക്കിൽ ധനസഹായം.<br>(സി) ഗ്രേഡ് ചെയ്യപ്പെടാത്ത കാര്യക്ഷമമായ 600 ക്ലസ്റ്ററുകൾക്ക് 1.5 ലക്ഷം രൂപ നിരക്കിൽ ഉൽപാദനത്തിനും, വിപണനത്തിനുമുള്ള ധനസഹായം. | 1730 |

| | | |
|---|---|---|
| 6. | **സൂക്ഷ്മ മൂലകങ്ങളുടെ പ്രദർശനം.** തിരഞ്ഞെടുക്കപ്പെട്ട 238 ക്ലസ്റ്ററുകളിൽ മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സൂക്ഷ്മ മൂലകങ്ങളുടെ വള പ്രയോഗം. | 50 |
| 7. | ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾ - 2013-14, 2014-15 രൂപീകരിക്കപ്പെട്ട 40 ബ്ലോക്കു തല ഫെഡറേറ്റഡ് സമിതികൾക്ക് 2 ലക്ഷം രൂപ നിരക്കിൽ സംഭരണ വിപണന സഹായധനം. | 400 |
| 8. | **കിഴങ്ങു പയറുവിള വികസനം** എ) കിഴങ്ങുവിള വികസനം -75 ലക്ഷം രൂപ സി.റ്റി.സി.ആർ.ഐ മുഖേന. (പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ, വയനാട് ജില്ലകളിൽ) (ബി) പയറുവിള വികസന (25 ലക്ഷം രൂപ) ഹെക്ടറിന് 10,000/ രൂപ നിരക്കിൽ 250 ഹെക്ടറിന് സഹായം - (പാലക്കാട് ജില്ലയിലെ ചിറ്റൂർ, മലമ്പുഴ ബ്ലോക്കുകളിൽ) | 100 |
| 9. | നഴ്സറികളുടെ സ്ഥാപനം - ബ്ലോക്കുതലത്തിൽ 5 ലക്ഷം രൂപ ധനസഹായം നൽകി 15 നഴ്സറികൾ | 75 |
| 10. | മഴമറകൾ - 75% നിരക്കിൽ 200 മഴമറകൾക്ക് 50,000/- രൂപ വീതം ധനസഹായം. | 100 |
| 11. | സങ്കരവിത്തിനങ്ങളുടെ പ്രദർശനത്തോട്ടം-225 യൂണിറ്റുകൾക്ക് ധനസഹായം. | 25 |
| 12. | സൂക്ഷ്മ ജലസേചനവും, ജലസേചനം വഴിയുള്ള വള പ്രയോഗവും - 1400 യൂണിറ്റുകൾക്ക് 30,000/- രൂപ വീതം ധനസഹായം നൽകുന്നു. | 425 |
| 13. | മാനന്തവാടി ബ്ലോക്കിലെ ആദിവാസി ഊരുകളിൽ ജൈവ പച്ചക്കറി കൃഷി | 7.62 |

| | | |
|---|---|---|
| 14. | മാധ്യമങ്ങൾ വഴിയുള്ള വിത്ത് വിതരണം- മലയാള മനോരമ, മാതൃഭൂമി എന്നിവ മുഖേന 5 ലക്ഷം വിത്ത് പാക്കറ്റുകൾ കൃഷിയ്ക്കായി വിതരണം ചെയ്തു. | 100 |
| 15. | എൻ.ജി.ഒ കൾ മുഖേന വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിനായി 20 രൂപയുടെ 2.5 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ നല്കി. | 50 |

ജൈവ പച്ചക്കറി കൃഷിക്ക് പ്രാമുഖ്യം നല്കികൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കി വരുന്നത്. ജൈവ പച്ചക്കറി കൃഷി രീതികളെ പറ്റി ഫാം ഇൻഫർമേഷൻ ബ്യൂറോ തയ്യാറാക്കിയ **"സുരക്ഷിത പച്ചക്കറി കൃഷിക്ക് ഒരു മാർഗ്ഗരേഖ"** എന്ന കൈപുസ്തകം സംസ്ഥാനത്തെ സ്കൂളുകൾ, കൃഷി ഭവനുകൾ എന്നിവ മുഖേന വിതരണം ചെയ്തിട്ടുണ്ട്. ജൈവ രീതിയ്ക്ക് മുൻഗണന നല്കിയാണ് വളപ്രയോഗം, രോഗകീടനിയന്ത്രണം എന്നിവ നടപ്പിലാക്കുന്നത്. ജൈവപച്ചക്കറി സംബന്ധിച്ച ലഘു ലേഖകളും പരിശീലന പരിപാടികളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി വരുന്നു.

| | |
|---|---|
| സി) ഇല്ലെങ്കിൽ സംസ്ഥാനത്തെ ഓരോ പഞ്ചായത്തിലും വാർഡുകൾ തോറും ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | സി) ബാധകമല്ല. |

**സെക്ഷൻ ഓഫീസർ**